# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 104 20.03.2012 -ൽ മറുപടിയ്ക്ക്

**പിന്നോക്ക സമുദായ ക്ഷേമ വകുപ്പിൻെറ ഘടനയും ഉദ്ദേശ ലക്ഷ്യങ്ങളും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.കെ.അച്ചുതൻ | ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു: പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് കേരളത്തിൽ എന്ന് നിലവിൽ വന്നു; | (എ) | 14.09.2011-ലെ സ.ഉ.(കൈ) നം.92/11/പജപവവിവ ഉത്തരവു പ്രകാരം പിന്നോക്ക വിഭാഗ ക്ഷേമ ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ തത്ത്വത്തിൽ തീരുമാനിക്കുകയും, ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് 19.11.2011-ലെ സ.ഉ.(കൈ) നം.116/2011/പജപവവിവ ഉത്തരവു പ്രകാരം പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് ഡയറക്ടറെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ച ശേഷമാണ് വകുപ്പ് നിലവിൽ വന്നത്. |
| (ബി) | ഇതിൻെറ ഘടനയും ഉദ്ദേശലക്ഷ്യങ്ങളും എന്തെല്ലാമാണ്; | (ബി) | ഘടനയെ സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനവും മാനവശേഷി വികസനവും ആണ് വകുപ്പിൻെറ ഉദ്ദേശലക്ഷ്യം. |
| (സി) | പ്രാരംഭഘട്ടത്തിൽ എന്തു തുക പ്രസ്തുത വകുപ്പിന് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ; | (സി) | വാർഷിക ധനാഭ്യർത്ഥന അവതരിപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ മറുപടി നൽകാൻ നിർവ്വാഹമില്ല |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് സെക്രട്ടേറിയറ്റ് തലത്തിൽ പിന്നോക്ക ക്ഷേമ വകുപ്പ് രൂപീകൃതമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വകുപ്പിൻെറ ഉദ്ദേശലക്ഷ്യങ്ങൾ എന്താണ് എന്ന് വിശദമാക്കുമോ; | (ഡി) | സെക്രട്ടേറിയറ്റിൽ പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെയും പിന്നാക്ക വിഭാഗങ്ങളുടെയും വികസന വകുപ്പ് നിലവിലുണ്ട്. പിന്നാക്ക വിഭാഗങ്ങളുടെ കാര്യങ്ങൾക്ക് കൂടുതൽ പരിഗണന നൽകുന്നതിനായി സെക്രട്ടേറിയറ്റിൽ പുതിയതായി ഒരു അഡീഷണൽ സെക്രട്ടറിയെയും ഒരു ഡെപ്യൂട്ടി സെക്രട്ടറിയെയും നിയമിക്കുകയും ഒരു സെക്ഷൻ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | എത്ര തസ്തികകൾ പ്രസ്തുത വകുപ്പിനു വേണ്ടി സൃഷ്ടിച്ചു? | | അഡീഷണൽ സെക്രട്ടറി അടക്കം 12 തസ്തികകൾ സെക്രട്ടേറിയേറ്റിലും ഡയറക്ടറടക്കം 10 തസ്തികകൾ ഡയറക്ടറേറ്റിലും സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.